Class No. : ................................

Name : ......................................

**FY 135**

# FIRST YEAR HIGHER SECONDARY SECOND TERMINAL EXAMINATION, DECEMBER 2024

## Part – III

## ECONOMICS

**Maximum : 80 Scores**

Time : 2½ Hours

Cool-off Time : 15 Minutes

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Calculations, figures and graphs should be shown in the answer sheet itself.*
- *Malayalam version of the questions is also provided.*
- *Give equations wherever necessary.*
- *Electronic devices except non programmable calculators are not allowed in the Examination Hall.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

Score

**1 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക.**
**1 സ്കോർ വീതം.** (8×1=8)

1. എല്ലാവർഷവും 75 രൂപാ ആളോഹരി ദാരിദ്ര്യരേഖ നിർദ്ദേശിച്ച പദ്ധതി ഏതാണ് ?
   a) ദേശീയ ആസൂത്രണ കമ്മിറ്റി
   b) ബോംബെ പ്ലാൻ
   c) ലക്ഡാവാല കമ്മിറ്റി
   d) ടെൻഡുൽക്കർ കമ്മിറ്റി

2. താഴെ രണ്ട് പ്രസ്താവന കൊടുത്തിരിക്കുന്നു.
   പ്രസ്താവന 1 : ശതമങ്ങൾ വിതരണത്തെ നൂറ് തുല്യ ഭാഗങ്ങളായി വിഭജിക്കുന്നു.
   പ്രസ്താവന 2 : ദത്തങ്ങളെ രണ്ട് തുല്യ ഭാഗങ്ങളായി വിഭജിക്കുന്ന അളവുകളാണ് ചതുർഥങ്ങൾ.
   a) 1 ഉം 2 ഉം പ്രസ്താവനകൾ ശരിയാണ്
   b) 1 ഉം 2 ഉം പ്രസ്താവനകൾ തെറ്റാണ്
   c) 1-ാംമത്തെ പ്രസ്താവന ശരിയും 2-ാംമത്തേത് തെറ്റുമാണ്
   d) 1-ാംമത്തെ പ്രസ്താവന തെറ്റും 2-ാംമത്തേത് ശരിയുമാണ്

3. 'മനുഷ്യരുടെ സാധാരണ ജീവിതവ്യവഹാരത്തെക്കുറിച്ചുള്ള പഠനമാണ് സാമ്പത്തിക ശാസ്ത്രം' എന്ന് പറഞ്ഞതാര് ?
   a) ആഡംസ്മിത്ത്
   b) ആൽഫ്രഡ് മാർഷൽ
   c) ജെ. എം. കെയ്ൻസ്
   d) ഡേവിഡ് റിക്കാർഡോ

4. താഴെ കൊടുത്തിട്ടുള്ളവയിൽ ജനറൽ എഗ്രീമെന്റ് ഓൺ ട്രെയ്ഡ് ആൻഡ് താരിഫിന്റെ (GATT) പിൻഗാമി സംഘടന ഏതാണ് ?
   a) ലോകബാങ്ക്
   b) WTO
   c) RBI
   d) UNO

Score

5. താഴെ രണ്ട് പ്രസ്താവനകൾ കൊടുത്തിരിക്കുന്നു.

പ്രസ്താവന 1 : ബ്രിട്ടീഷ് ഭരണത്തിൽ കീഴിലുള്ള ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ അടിസ്ഥാനപരമായി കാർഷിക മേഖലയായിരുന്നു.

പ്രസ്താവന 2 : 1881-ൽ നടന്ന ഒരു സെൻസസ് വഴിയാണ് ബ്രിട്ടീഷ് ഇന്ത്യയിലെ ജനസംഖ്യ ആദ്യമായി ശേഖരിക്കുന്നത്.

a) 1 ഉം 2 ഉം പ്രസ്താവനകൾ ശരിയാണ്

b) 1 ഉം 2 ഉം പ്രസ്താവനകൾ തെറ്റാണ്

c) 1-ാംമത്തെ പ്രസ്താവന ശരിയും രണ്ടാമത്തേത് തെറ്റുമാണ്

d) 1-ാംമത്തെ പ്രസ്താവന തെറ്റും രണ്ടാമത്തേത് ശരിയുമാണ്

6. ചോദ്യാവലിയുടെ മുൻകൂട്ടിയുള്ള പരീക്ഷണമാണ്

a) സർവ്വേ

b) സെൻസസ്

c) പരിക്ഷണ സർവ്വേ

d) ഇവയൊന്നുമല്ല

7. ഒരു പട്ടികയുടെ പ്രധാന ഘടകമാണ്

a) പട്ടിക നമ്പർ

b) ശീർഷകം

c) നിരയുടെ തലക്കെട്ട്

d) ഇവയെല്ലാം

8. ദശലക്ഷക്കണക്കിന് ദരിദ്രകുടുംബങ്ങൾക്ക് ഉയർന്ന സബ്സിഡി നിരക്കിലുള്ള ഭക്ഷണം നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റ് സ്പോൺസർ ചെയ്ത ഭക്ഷ്യസുരക്ഷാ പരിപാടി ഏതാണ് ?

a) അന്ത്യോദയ അന്നയോജന

b) ദേശീയ ഭക്ഷ്യസുരക്ഷാ ആക്ട്

c) ഉച്ച ഭക്ഷണ പദ്ധതി

d) ദേശീയ സോഷ്യൽ അസിസ്റ്റന്റ് പ്രോഗ്രാം

9. താഴെപ്പറയുന്നവയിൽ ഇന്ത്യയിലെ ഗ്രാമപ്രദേശങ്ങളിൽ സ്ഥാപനേതര വായ്പയുടെ ഉറവിടമേതെന്ന് തിരിച്ചറിയുക.

a) നബാർഡ്

b) പ്രാദേശിക ഗ്രാമീണ ബാങ്കുകൾ

c) പണം കടംകൊടുക്കുന്നവർ

d) വാണിജ്യ ബാങ്കുകൾ

10. ഉപജീവനത്തിനായി ഒരു സ്ഥാപനം സ്വന്തമാക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന തൊഴിലാളികൾ അറിയപ്പെടുന്നത്

a) കാഷ്വൽ കൂലി തൊഴിലാളികൾ

b) സ്വയം തൊഴിൽ

c) സ്ഥിരം ശമ്പളക്കാർ

d) ഇവയൊന്നുമല്ല

**11 മുതൽ 15 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.**
**(4×2=8)**

11. ഇന്ത്യയിൽ പുറംകരാറിന്റെ (Outsourcing) ഏതെങ്കിലും രണ്ട് നേട്ടങ്ങൾ എഴുതുക.

12. ഭൗതികമൂലധനത്തിനും മാനുഷിക മൂലധനത്തിനും രണ്ട് ഉദാഹരണങ്ങൾ വീതം എഴുതുക.

13. താഴെക്കൊടുത്തിരിക്കുന്ന ചാർട്ട് പൂർത്തീകരിക്കുക.



Score

14. 'സാമ്പത്തിക നയങ്ങളിൽ തീരുമാനമെടുക്കുന്നതിൽ സ്ഥിതിവിവരക്കണക്കുകൾ സുപ്രധാന പങ്ക് വഹിക്കുന്നു'. നിങ്ങൾ ഇതിനോട് യോജിക്കുന്നുണ്ടോ ? സാധൂകരിക്കുക.

15. രവി സ്കൂളിൽ പോകുന്നു. അവൻ സ്കൂളിൽ ഇല്ലാത്ത ദിവസങ്ങളിൽ അവന്റെ ഫാമിൽ ജോലി ചെയ്യുന്നതായി നിങ്ങൾ കാണുന്നു. അവനെ ഒരു തൊഴിലാളിയായി കണക്കാക്കാമോ ? എന്തുകൊണ്ട് ?

**16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(4×3=12)**

16. 1972-73ലെ ഇന്ത്യയിലെ തൊഴിലാളികളുടെ വിതരണമാണ് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നത്. പട്ടിക വിശകലനം ചെയ്തെഴുതുക.

| സ്ഥലം | തൊഴിലാളികൾ | | |
|---|---|---|---|
| | പുരുഷൻ | സ്ത്രീ | ആകെ |
| ഗ്രാമം | 125 | 69 | 194 |
| നഗരം | 32 | 7 | 39 |

17. 'ദാരിദ്ര്യത്തിന്റെ വ്യാപ്തി എല്ലാ ദരിദ്രർക്കും ഒരു പോലെയല്ല'. ഈ വാദത്തിന്റെ അടിസ്ഥാനത്തിൽ പാവപ്പെട്ടവരെ തരം തിരിക്കുക (categorize).

18. ഉൾച്ചേർക്കൽ ശ്രേണി (Inclusive Series) യെ ഒഴിവാക്കൽ ശ്രേണി (Exclusive Series) യിലേക്ക് പരിവർത്തനം ചെയ്യുക. ക്ലാസിന്റെ താഴ്ന്ന പരിധി കണക്കാക്കുക.

| മാർക്ക് | ആവൃത്തി |
|---|---|
| 10 – 14 | 3 |
| 15 – 19 | 5 |
| 20 – 24 | 8 |
| 25 – 29 | 5 |
| 30 – 34 | 4 |

ആകെ 25

Score

19. ജൈവകൃഷിയുടെ മേന്മകൾ വ്യക്തമാക്കുക.

20. ബ്രിട്ടീഷ് കാലഘട്ടത്തിൽ കാർഷിക മേഖല സ്തംഭനാവസ്ഥ തുടർന്നു. അതിനുള്ള കാരണങ്ങൾ പറയുക.

**21 മുതൽ 25 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**4 സ്കോർ വീതം.** (4×4=16)

21. കോളം A യെ B യുമായി ശരിയായ രീതിയിൽ യോജിപ്പിക്കുക.

| A | B |
|---|---|
| a) സ്ഥലത്തിന്റെ അടിസ്ഥാനത്തിലുള്ള വർഗ്ഗീകരണം | പൈഡയഗ്രം |
| b) വിസ്തീർണ്ണം ആനുപാതികമായി ഘടകങ്ങൾക്കിടയിൽ വിഭജിച്ചിരിക്കുന്ന ഒരു സർക്കിൾ | ഗുണാത്മക വർഗ്ഗീകരണം |
| c) ദ്വിമാന ഡയഗ്രം | സ്ഥലീയ വർഗ്ഗീകരണം |
| d) ഗുണവിശേഷങ്ങൾക്കനുസരിച്ചുള്ള ദത്തങ്ങളുടെ വർഗ്ഗീകരണം | ഹിസ്റ്റോഗ്രാം |

22. എൽ. പി. ജി. നയത്തിൽ സ്വകാര്യവത്കരണത്തിന്റെ പങ്ക് ചിത്രീകരിക്കുക.

23. മനുഷ്യ മൂലധനത്തിന്റെ ഉറവിടങ്ങൾ വിശദീകരിക്കുക.

24. 'എല്ലാ സാമ്പത്തിക ആസൂത്രണങ്ങളും പഞ്ചവത്സര പദ്ധതികളിലൂടെ രൂപപ്പെടുത്തിയതാണ്'. നമ്മുടെ രാജ്യത്തെ പഞ്ചവത്സര പദ്ധതികളുടെ ലക്ഷ്യങ്ങളെന്തെല്ലാം ?

25. a) ദ്വിതീയ ദത്തങ്ങളുടെ ഏതെങ്കിലും രണ്ട് ഉറവിടങ്ങൾ എഴുതുക. (2)

b) ഇന്ത്യയിൽ ദത്തങ്ങളുടെ ശേഖരണം നടത്തുന്ന ഏതെങ്കിലും രണ്ട് ഏജൻസികളുടെ പേരെഴുതുക. (2)

Score

**26 മുതൽ 30 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**5 സ്കോർ വിതം.** **(4×5=20)**

26. 'ഇന്ത്യയിൽ, അന്താരാഷ്ട്ര ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ദാരിദ്ര്യം കുറയ്ക്കുന്നത് അത്യന്താപേക്ഷിതമാണ്'. ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി ഇന്ത്യ അവതരിപ്പിച്ച പരിപാടികളും നയങ്ങളും വിശദമാക്കാമോ ?

27. 1991-ൽ പുത്തൻ സാമ്പത്തികനയം നടപ്പിലാക്കിക്കൊണ്ട് ഇന്ത്യയിലെ വ്യാവസായിക മേഖലയുടെ പരിഷ്ക്കരണം വ്യക്തമാക്കുക.

28. സെൻസസ് സർവ്വെയും സാമ്പിൾ സർവ്വെയും വേർതിരിച്ചെഴുതുക. ഓരോന്നിനും ഉദാഹരണവും എഴുതുക.

29. a) താഴെ കൊടുത്തിരിക്കുന്ന ദത്തങ്ങളിൽ നിന്ന് ക്ലാസ്സ് ഇടവേള 10 ആയി എടുത്ത് ഒഴിവാക്കൽ രീതിയിൽ ഒരു ആവൃത്തി വിതരണ പട്ടിക തയ്യാറാക്കുക.

| | | | | | | |
|---|---|---|---|---|---|---|
| 12 | 15 | 20 | 32 | 28 | 8 | 14 |
| 34 | 12 | 3 | 21 | 25 | 18 | 40 |
| 35 | 27 | 45 | 14 | 7 | 36 | 44 |
| 29 | 27 | 32 | 22 | 43 | 14 | |

b) ക്ലാസ്സിന്റെ മധ്യബിന്ദു കണക്കാക്കുക.

30. a) ഇന്ത്യയിലെ കാർഷിക വിപണനമേഖല മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക. (4)

b) ഇന്ത്യയിൽ നിലനിൽക്കുന്ന ഏതെങ്കിലും രണ്ട് ബദൽ വിപണന ചാനലുകളുടെ പേരെഴുതുക. (1)

**31 മുതൽ 33 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**
**8 സ്കോർ വീതം.** **(2×8=16)**

31. ഒജീവ് വരച്ച് മധ്യാങ്കം കണക്കാക്കുക.

| മാർക്ക് | 0 – 10 | 10 – 20 | 20 – 30 | 30 – 40 | 40 – 50 |
|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | 7 | 5 | 20 | 12 | 6 |

Score

32. a) 1950 മുതൽ 1990 വരെയുള്ള കാലഘട്ടത്തിലെ കാർഷിക മേഖലയിലെ മാറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക. (5)

b) കാർഷിക സബ്സിഡിയെ അനുകൂലിക്കുന്ന വാദങ്ങൾ നൽകുക. (3)

33. താഴെ കൊടുത്തിട്ടുള്ള ദത്തങ്ങളുടെ അടിസ്ഥാനത്തിൽ മാധ്യം, മധ്യാങ്കം, ബഹുലകം എന്നിവ കണക്കാക്കുക.

| ദിവസ വേതനം | തൊഴിലാളികളുടെ എണ്ണം |
|---|---|
| 0 – 10 | 14 |
| 10 – 20 | 20 |
| 20 – 30 | 34 |
| 30 – 40 | 26 |
| 40 – 50 | 10 |
| 50 – 60 | 6 |